ജനുവരി 25, 2014

# പ്രതിഷേധിക്കാനുള്ള അവകാശം

അരുൺ ജെയ്റ്റ്‌ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

പ്രതിഷേധിക്കാനുള്ള അവകാശം രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ്. പ്രതിഷേധം ഒരുതരം ആവിഷ്ക്കാരവുമാണ്. വിയോജിക്കാനുള്ള അവകാശം പ്രകടിപ്പിക്കാനുള്ള രീതിയാണത്.

ഈ അവകാശം തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിന്റെ തലവന് നിഷേധിക്കപ്പെടാമോ? ഇതാണ് ദൽഹി മുഖ്യമന്ത്രി ചോദിക്കുന്നത്. എന്നാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാരിനെ ഭരണഘടന പ്രകാരം മുമ്പോട്ടു കൊണ്ടുപോവുക എന്നത് ഒരു ഭരണാധികാരിയുടെ ഉത്തരവാദിത്തമാണ്. ദൽഹിയിലെ എഎപി സർക്കാരിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ ആദ്യത്തെ ചോദ്യത്തിനുള്ള ഉത്തരം സുവ്യക്തമാണ്. മന്ത്രിമാർ ഓഫീസുകൾ ബഹിഷ്ക്കരിച്ചു. നിയന്ത്രിത മേഖലയിൽ അവർ പോലീസിനെ വെല്ലുവിളിച്ച് ധർണ നടത്തി. അവർ നിയമം ലംഘിച്ചു. അനുയായികൾക്ക് വൻതോതിൽ ഒത്തുകൂടാൻ നേതാക്കൾ സന്ദേശം അയച്ചു. അനുയായികൾ പോലീസ് തടസ്സങ്ങൾ തകർക്കാൻ ശ്രമിച്ചു. സർക്കാരിന്റെ തലവൻ അരാജകത്വത്തിനുവേണ്ടി പ്രസംഗം നടത്തി. പോലീസുകാരോട് അവധിയിൽ പ്രവേശിക്കാനും യൂണിഫോം അഴിച്ചുവെച്ച് പ്രതിഷേധത്തിൽ പങ്കെടുക്കാനും ആവശ്യപ്പെട്ടു. രാജ്പഥിലൂടെ തന്റെ ലക്ഷക്കണക്കിന് അനുയായികൾ മാർച്ച് ചെയ്ത് റിപ്പബ്ലിക് ദിന പരിപാടികൾ അലങ്കോലപ്പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി. ദൽഹി പോലീസ് ആ ആഹ്വാനം കേട്ടിരുന്നുവെങ്കിൽ, അദ്ദേഹത്തിന്റെ അനുയായികൾ രാജ്പഥിലൂടെ റിപ്പബ്ലിക് ഡേയിൽ മാർച്ച് ചെയ്തിരുന്നെങ്കിൽ അത് ഭരണഘടന വിഭാവനം ചെയ്യുന്ന തരത്തിലുള്ള രാജ്യത്തെ മുന്നോട്ടു നയിക്കൽ ആകുമായിരുന്നോ. ഇതിനുള്ള ഉത്തരം ഒരു വലിയ 'ഇല്ല' ആണ്.

രാജ്ഘട്ടിൽ ഉപവാസമിരിക്കുന്നതും പോലീസിനോട് ജോലി ഉപേക്ഷിച്ച് റിപ്പബ്ലിക് പരിപാടികൾ തടസ്സപ്പെടുത്താൻ ആഹ്വാനം ചെയ്യുന്നതും തമ്മിൽ വ്യത്യാസമുണ്ട്. അരവിന്ദ് കേജ്രിവാൾ ഈ യാഥാർത്ഥ്യം മനസ്സിലാക്കുമെന്ന് ഞാൻ കരുതുന്നു.